catholicos@mosc.in
officeofthecatholicos@mosc.in

0481 - 2574323, 2578500
www.mosc.in

# The Malankara Orthodox Syrian Church

## CATHOLICATE OF THE EAST

**BASELIOS MARTHOMA MATHEWS III**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

**No. MOSC/CMM/09/2024** **January 05, 2024**

കർത്താവിൽ നമ്മുടെ എല്ലാ വൈദികർക്കും വാഴ്‌വ്!

പ്രിയരെ,

നമ്മുടെ വൈദികർ വളരെ മാതൃകാപരമായി സഭയുടെ വിവിധ ആത്മീയ പ്രസ്ഥാനങ്ങളിലും സാമൂഹ്യ സേവന രംഗത്തും പ്രശംസനീയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യം നമുക്ക് അഭിമാനമാണ്. എന്നാൽ ഏതാനും നാളുകളായി നമ്മുടെ സഭ ഗുരുതരമായ ചില പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണെന്ന കാര്യം ദൃശ്യ മാധ്യമങ്ങളിൽ നിന്നും സമൂഹ മാധ്യമങ്ങളിൽ നിന്നുമെല്ലാം നിങ്ങൾ അറിഞ്ഞുകൊണ്ടാണിരിക്കുന്നതെന്ന് നാം കരുതുന്നു. വൈദിക സ്ഥാനികൾ പരസ്പരം ആരോപണം ഉന്നയിക്കുവാൻ ദൃശ്യമാധ്യമങ്ങൾ ഉപയോഗിക്കുന്നത് എത്രയോ അധമമായ പ്രവർത്തിയാണ്. പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഭയുടെ ഉള്ളിൽതന്നെ വ്യവസ്ഥാപിതമായ നടപടിക്രമങ്ങൾ ഉണ്ടായിരിക്കേ അവയൊന്നും സ്വീകരിക്കാതെ പൊതുജനമദ്ധ്യേ സഭയും സഭയുടെ ഔദ്യോഗിക സ്ഥാനികളും അവഹേളിക്കപ്പെടുന്നത് ലജ്ജാകരമാണ്.

വൈദികരെ സഭയുടെ പ്രതിനിധികൾ എന്ന നിലയിലാണ് ജനങ്ങളും പൊതുസമൂഹവും കണക്കാക്കുന്നത് എന്ന് നിങ്ങൾ ഓർക്കണം. സഭയുടെ വൈദികസ്ഥാനികൾ സഭാമക്കളുടെ എല്ലാവരുടെയും ആത്മീക പിതാക്കന്മാരാണ്. സഭാംഗങ്ങളായ അത്മായക്കാർ വിവിധ രാഷ്ട്രീയ വീക്ഷണമുള്ളവരും പ്രവർത്തകരുമായിരിക്കാം. വൈദികസ്ഥാനികൾ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയിൽ അംഗത്വമെടുക്കുകയോ പരസ്യമായി പ്രവർത്തിക്കുകയോ ചെയ്യുന്നത് സഭാംഗങ്ങളിൽ വിഭാഗീയത ഉണ്ടാക്കുവാൻ കാരണമാകും. ആയതിനാൽ സഭയുടെ സമാധാനത്തെപ്രതി വൈദിക സ്ഥാനികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പരസ്യമായ പ്രചാരകരാകാതിരിക്കുവാൻ ശ്രദ്ധിക്കണം. അങ്ങനെയുള്ളവർ സഭാശുശ്രൂഷയിൽ നിന്നും മാറി നിൽക്കുന്നതായിരിക്കും ഉചിതം. വൈദികസ്ഥാനികൾക്കും വ്യക്തിപരമായ രാഷ്ട്രീയ വീക്ഷണം ഉണ്ടാകുന്നത് സഭ വിലക്കുന്നില്ല. എന്നാൽ അത് പരസ്യമായി പ്രകടിപ്പിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം.

സഭയ്ക്കാകമാനം മാതൃകയായിരിക്കേണ്ടവരും ജനങ്ങളെ പഠിപ്പിക്കേണ്ടവരുമാണ് വൈദികർ. അതിനാൽ നിങ്ങൾ പൊതുവായ പ്രസ്താവനകൾ നടത്താതിരിക്കേണ്ടതാണ്. സഭയിൽ ഉത്തരവാദിത്തപ്പെട്ട സ്ഥാനം വഹിക്കുന്ന വൈദികർ മാധ്യമങ്ങൾവഴി നടത്തുന്ന പ്രസ്താവനകൾക്ക് സഭാകേന്ദ്രത്തിന്റെ അനുമതി ഉണ്ടായിരിക്കേണ്ടതാണ്. നിങ്ങളുടെ പരാതികൾ അതത് ഭദ്രാസന മെത്രാപ്പോലീത്താമാർക്ക് നൽകേണ്ടതും അവിടെ നിന്ന് നീതി ലഭിക്കുന്നില്ല എന്നു തോന്നുന്ന പക്ഷം മാത്രം നമുക്ക് അപ്പീൽ ചെയ്യേണ്ടതുമാണ്. സഭാതലത്തിൽ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ മാത്രമേ കോടതികളിലേക്ക് കൊണ്ടുപോകുവാൻ ഇടവരാവൂ എന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ വൈദികർ സഭയുടെ അഭിമാനവും ശ്രേയസ്സും കാത്തുസൂക്ഷിക്കണം. വൈദികരുടെ പെരുമാറ്റ രീതികൾ സംബന്ധിച്ച് വർദ്ധിച്ചുവരുന്ന പരാതികൾ നമ്മെ അത്യധികം ദുഖിപ്പിക്കുന്ന മറ്റൊരു സംഗതിയാണ്. അത്തരംകാര്യങ്ങളിൽ ദാക്ഷിണ്യമില്ലാതെ നടപടിയെടുക്കുവാൻ നാം നിർബന്ധിതനായിരിക്കുകയാണ്. സഭാഭരണഘടനയും സഭയുടെ കാനോനാകളും വിവക്ഷിക്കുന്ന തരത്തിലുള്ള കർശനമായ അച്ചടക്ക നടപടികൾ എടുക്കേണ്ടിവരുമ്പോൾ ആരും നമ്മോട് നീരസപ്പെടുന്നതുകൊണ്ട് പ്രയോജനമുണ്ടാവുകയില്ല എന്ന് നാം എല്ലാവരെയും അറിയിക്കുകയാണ്.

പ്രിയ മക്കളെ വളരെയധികം ഹൃദയ വേദനയോടെയാണ് ഈ കൽപ്പന നാം നിങ്ങൾക്കെഴുതുന്നത്. സഭയുടെ യശസ്സിനും അച്ചടക്കത്തിനും കോട്ടംതട്ടുന്ന യാതൊന്നും നിങ്ങളിൽ നിന്നും ഉണ്ടാകരുതെന്ന് വീണ്ടും നാം ഉദ്ബോധിപ്പിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**